വ്യാപകമായി വീശിയടിച്ച കാറ്റുമൂലം അനേകം റബ്ബർ മരങ്ങൾ നഷ്ടപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇവിടെയൊന്നും ഒരു കർഷകനും ഇൻഷ്വർ ചെയ്തിരുന്നില്ല. അവർക്കൊന്നും ആനുകൂല്യങ്ങളും ലഭിച്ചില്ല. ഇതിന് ഒരു പരിഹാരമായി വ്യാപകമായി ഈ കാര്യത്തെ സംബന്ധിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുമോ? ഇതിന് എത്ര ധനസഹായമാണ് ലഭിക്കുക?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇവിടെ പത്തനംതിട്ട ജില്ലയിൽ തന്നെ ഇൻഷ്വർ ചെയ്ത കർഷകരും ഇൻഷ്വർ ചെയ്യാത്ത കർഷകരും ഉണ്ട്. ഞാൻ അടൂർ മേഖലയിൽ പോയപ്പോൾ ആ കാലത്ത് ഇൻഷ്വർ ചെയ്തവർക്ക് 500 രൂപ നഷ്ടപരിഹാരം കിട്ടി. ഇൻഷ്വർ ചെയ്യാത്തവർക്ക് കിട്ടിയില്ല. അതിന് ഒറ്റ മാർഗ്ഗമേയുള്ളു. രണ്ട് രൂപ മാത്രമേ ഇൻഷ്വറൻസ് പ്രീമിയം ഉള്ളൂ. കർഷകരെ മുഴുവൻ അതിൽ കൊണ്ടുവരാനുള്ള ഒരു അവബോധം സൃഷ്ടിക്കുക എന്നത് മാത്രമാണ് നമ്മുടെ മുമ്പിലുള്ള പരിപാടി.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വിള ഇൻഷ്വറൻസിൽ കൃഷിക്കാർക്ക് ഏറ്റവും ആശ്വാസകരമായ ഒരു കാര്യമാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ പദ്ധതിയനുസരിച്ച് മണലൂർ, കുന്നംകുളം നിയോജകമണ്ഡലങ്ങളിൽ ഇരുപ്പു കൃഷി വ്യാപകമായി ഇറക്കിയിരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കൃഷി പൂർണ്ണമായും നശിച്ചു. കൃഷി പൂർണ്ണമായും നശിച്ച നാല് കോൾപ്പടവിൽ മൂന്ന് കോൾപ്പടവിനും വിള ഇൻഷ്വറൻസ് നൽകി. അങ്ങ് തന്നെയാണ് വന്ന് നേരിട്ട് അത് കൊടുത്തത്. ആ മൂന്ന് പടവിനെക്കാളും കൂടുതൽ നാശം വന്നതാണ് തിരുത്തുക്കടവ് കോൾപ്പടവ് പദ്ധതി. അവർ അപേക്ഷ തന്നിരുന്നു. അവർക്ക് നയാപൈസ പോലും കിട്ടിയില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇൻഷ്വറൻസ് പരിരക്ഷയിൽ വരാത്തതാണോ മറ്റേതെങ്കിലും കാരണമാണോ എന്ന് അറിയില്ല. ഇൻഷ്വറൻസ് ഉണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിച്ച് പരിഹാരം കാണും.

മി.സ്പീക്കർ: ചോദ്യം നമ്പർ: 122

കയർ മേഖലയുടെ ആധുനികവൽക്കരണം

2 (*122) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കയറുല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) കയർ യന്ത്ര നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഡീ ഫൈബറിംഗ് മില്ലുകളുടെ പുനരുജ്ജീവനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(എഫ്) കയറുൽപ്പന്നങ്ങളുടെ വിപണനത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് മുടക്കുമുതലിന്റെ 75%, പരമാവധി 25 ലക്ഷം രൂപയും ഇവയുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കായി ആകെ എസ്റ്റിമേറ്റിന്റെ 75%, പരമാവധി 15 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

സഹകരണ മേഖലയിൽ ഇത്തരം ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നവർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50%, പരമാവധി 10 ലക്ഷം രൂപയും നവീകരണം/ പുനരുദ്ധാരണം/വിപുലീകരണം എന്നിവയ്ക്കായി ആകെ ഇൻവെസ്റ്റ്മെന്റിന്റെ 75%, പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

പ്രതിദിനം 3000-4000 തൊണ്ടുവരെ തല്ലുന്ന ചെറിയതരം ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സഹകാര്യ സംരംഭകർക്ക് 50% സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു.

ഉല്പാദനക്ഷമതയുള്ള മോട്ടോറൈസ്ഡ് റാട്ടുകളും സ്പിന്നിംഗ് മെഷീനുകളും നൽകിവരുന്നു. കൂടാതെ വീവിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ സെമി ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കാൻ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഫോം മാറ്റിംഗ്സിന്റെ ചുമതലയിൽ കയറ്റുപായ് ഉപയോഗിച്ച് കോമ്പോസിറ്റ് ബോർഡ് നിർമ്മിക്കുന്നതിനുള്ള ഫാക്ടറി ഈ മാസം പ്രവർത്തനം ആരംഭിക്കും.

കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബ്ലന്റഡ് യാൺ ഫാക്ടറിയും ആട്ടോമാറ്റിക് സ്പിന്നിംഗ് ഡിവിഷനും ഈ മാസം ഉദ്ഘാടനം ചെയ്യുന്നതാണ്.

കയർ ഫെഡ്, കയർ കോർപ്പറേഷൻ, ചില മാറ്റസ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവ പി.വി.സി. ടഫ്റ്റഡ് പ്ലാന്റുകൾ സ്ഥാപിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. കേരളാ കയറിന്റെ ബ്രാന്റ് ബിൽഡിംഗിന്റെ ഭാഗമായി കയറുല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ കാളിറ്റി സർട്ടിഫിക്കറ്റിംഗ് ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കയറുല്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് കയർ ഫെഡിലെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പരിശീലനം നൽകിവരികയാണ്. ബ്രാൻഡിംഗിന്റെ ഭാഗമായി ചരിത്രത്തിലാദ്യമായി കയറിന് ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി, ദൈവത്തിന്റെ നാട്ടിലെ സുവർണ്ണനാർ എന്ന ബ്രാൻഡ് നൽകുകയും കേന്ദ്ര ഗവൺമെന്റിൽ രജിസ്റ്റർ ചെയ്യുകയും സാർവ്വദേശീയതലത്തിൽ ഈ ബ്രാൻഡ് ഇപ്പോൾ പ്രചരണത്തിലുമാണ്.

(സി) കയർ സഹകരണ സംഘങ്ങളിൽ 7000-ത്തോളം ഗുണമേന്മയുള്ള മോട്ടോറൈസ്ഡ് റാട്ടുകൾ കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ്, കയർഫെഡ് എന്നിവ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുത്ത സംഘങ്ങൾക്ക് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും വീവിംഗ് യൂണിറ്റുകളും അനുവദിച്ചു വരുന്നു.

(a) ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ :

അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 3 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഒരു വില്ലോയിംഗ് മെഷീനും ഉൾപ്പെടെ 25 ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകളാണ് സംഘങ്ങൾക്ക് നൽകാൻ തീരുമാനിച്ചത്. (ആകെ 75 സ്പിന്നിംഗ് മെഷീനുകൾ, 25 വില്ലോയിംഗ് മെഷീനുകൾ). ഇതെല്ലാം റെഡിയായിരിക്കുകയാണ്. സംഘങ്ങളുടെ ലിസ്റ്റ് ചോദിച്ചു. 15 സംഘങ്ങളാണ് ഇതുവരെ ലിസ്റ്റ് തന്നിട്ടുള്ളത്. 25 സംഘങ്ങൾക്ക് ഇത് കൊടുക്കാൻ കഴിയുന്നതാണ്. എന്നാൽ ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിനെ സംബന്ധിച്ച് സംഘങ്ങൾ വ്യക്തമാക്കാത്തതിനാൽ എൻ.സി.ആർ.എം.ഐ.-യ്ക്ക് മെഷീൻ ഇതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. മറ്റ് സ്ഥാപനങ്ങൾ വിതരണം ചെയ്തവയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

	Automatic Spinning Machine	Willowing Machine
1.	ACCDS – 192 Nos.	...
2.	SFRUTI പദ്ധതി പ്രകാരം- 91 Nos.	20 Nos.
3.	Coirfed - 18 Nos.	...

LIBRARY ARCHIVES Kerala Legislative Assembly

(b) വീവിംഗ് യൂണിറ്റ് :

ഒരു യൂണിറ്റിൽ 2 സെമീ. ആട്ടോമാറ്റിക് ലൂം എന്ന കണക്കിൽ അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 6 സംഘങ്ങൾക്കായി ആകെ 12 ലൂമുകൾ നൽകുകയും അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. ഇതോടൊപ്പം ഓരോ ബോബ് വൈൻഡിംഗ് മെഷീനും സ്പുളിംഗ് മെഷീനും നൽകിയിട്ടുണ്ട്.

SFRUTI - 4 Nos.

SFRUTI പദ്ധതി പ്രകാരം മേൽ വിവരിച്ചതിനു പുറമെ 8 മറ്റ് ഫ്രൈമുകളും 6 ഡൈവാറ്റും 2 സാധാതറികളും ബേപ്പൂർ ക്ലസ്റ്ററിൽ അനുവദിച്ചിട്ടുണ്ട്.

ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, അവയുടെ പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ NCRMI (National Coir Research and Management Institute) വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായി കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചുവരുന്നു.

സ്പിന്നിംഗ് മേഖലയുടെ ആധുനികവൽക്കരണത്തിന് ആക്കം കൂട്ടുന്നതിനായി എൻ.സി.ആർ.എം.ഐ. പുതിയ സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചുവരികയാണ്. അത് ഉടനെ ലോഞ്ച് ചെയ്യും.

(ഡി) ഈ സാമ്പത്തിക വർഷം തന്നെ കയർ യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ വളരെ വേഗം നടന്നു വരികയാണ്. ചരിത്രത്തിലാദ്യമായിട്ടാണ് നമുക്കാവശ്യമായിട്ടുള്ള കയർ യന്ത്രങ്ങൾ കേരളത്തിൽത്തന്നെ നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കപ്പെടുന്നത്.

(ഇ) സഹകരണ മേഖല, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം ആരംഭിച്ചിട്ടുള്ള മില്ലുകളുടെ പുനരുദ്ധാരണത്തിനായി പ്രോജക്ട് കോസ്റ്റിന്റെ 75%, പരമാവധി 15 ലക്ഷം രൂപയും സ്വകാര്യ സംരംഭകരുടെ മില്ലുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 75%, പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. കുറച്ച് തൊണ്ട് തല്ലാവുന്ന ചെറിയ ഡീ ഫൈബറിംഗ് മില്ലുകളാണ് കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യം എന്ന് തിരിച്ചറിഞ്ഞ് NCRMI അത്തരം 192 മില്ല് വികസിപ്പിച്ചിട്ടുണ്ട്. 1000 എണ്ണം വരെ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കി. ഇതുവരെ 142 മിനി ഡീഫൈബറിംഗ് മെഷീനുകൾ നൽകിക്കഴിഞ്ഞു. 50 എണ്ണം വിതരണത്തിന് തയ്യാറായിട്ടുണ്ട്.

(എഫ്) കയറുൽപ്പന്നങ്ങളുടെ വിപണനത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് എന്നതിൽ വളരെ മെച്ചപ്പെട്ട റിസൽട്ടാണ് ഉണ്ടായിരിക്കുന്നത്. എങ്കിലും ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കയറ്റുമതി വർദ്ധിച്ചുവരികയാണ്. ചില താരതമ്യം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം	2000-01	2005-06	2010-11
COIRFED	3091.68 lakhs	1103.89 lakhs	2509.27 lakhs (upto 31-12-2010)
KSCC	397.85 lakhs	342.26 lakhs	6444.54 lakhs (upto 31-1-2011)
FOMIL	351.97 lakhs	210.51 lakhs	338.69 lakhs (upto 31-1-2011)

COIRFED :

	2000-01 (രൂപ ലക്ഷത്തിൽ)	2005-06 (രൂപ ലക്ഷത്തിൽ)	2010-11 (രൂപ ലക്ഷത്തിൽ)
കയർ മാറ്റുകൾ പി.വി.സി. മാറ്റുകൾ കയറ്റുപായ് കാർപെറ്റ് ജിയോടെക്സ്റ്റയിൽ	792.84	733.61	550.07
മറ്റുള്ളവ	2298.84	370.28	1959.20

FOMIL :

	2000-01 (രൂപ ലക്ഷത്തിൽ)	2005-06 (രൂപ ലക്ഷത്തിൽ)	2010-11 (രൂപ ലക്ഷത്തിൽ)
കയർ മാറ്റുകൾ	119.51	52.49	42.77
പി.വി.സി. മാറ്റുകൾ	...	...	...
കയറ്റുപായ്	208.59	87.33	218.77
കാർപെറ്റ്	0.88	1.32	10.52
ജിയോടെക്സ്റ്റയിൽ	...	26.53	35.70
മറ്റുള്ളവ	22.99	42.84	30.95

LIBRARY ARCHIVES Kerala Legislative Assembly

COIR CORPORATION :

2000-01 (രൂപ ലക്ഷത്തിൽ)	2005-06 (രൂപ ലക്ഷത്തിൽ)	2010-11 (രൂപ ലക്ഷത്തിൽ)
397.85	342.26	6444.54

മൊത്തം കയറ്റുമതിയിലും വൻപിച്ച പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. ആഭ്യന്തര വിപണിയിലെ വില്പനയെ സംബന്ധിച്ച് ആധികാരികമായി വിവരങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം ഇല്ലാത്ത പരിമിതി നിലവിലുണ്ട്. ഈ വർഷം മുതൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിക്കാൻ കയർ വികസന ഡയറക്ടറേറ്റിൽ സ്ഥിരമായ സംവിധാനം ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2005-06-ൽ 16.5 കോടിരൂപയായിരുന്ന കയറ്റുമതി 92.39 കോടി രൂപയായി ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. അതുപോലെത്തന്നെ മൊത്തം കയറ്റുമതിയിലും വൻപിച്ച പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. ആൾ ഇൻഡ്യാ കണക്കനുസരിച്ച് കയറ്റുമതി 2000-01-ൽ 313.66 കോടി രൂപയും 2005-06-ൽ 508.44 കോടിരൂപയുമായിരുന്നത് 2009-10-ൽ 804.05 കോടിരൂപയായി ഉയർന്നു. ഇതിന്റെ എൺപതു ശതമാനവും കേരളത്തിലെ കയറും കയറുല്പന്നങ്ങളുമാണ്. ഹാന്റ് ലൂം മാറ്റ്സിന്റെ കയറ്റുമതിയിൽ കുറവു വന്നുകൊണ്ടിരിക്കുകയാണ്. അത് 2005-06-ൽ 267 കോടിരൂപയായിരുന്നത് 254 കോടിരൂപയായി കുറയുകയാണ് ചെയ്തത്. മൊത്തത്തിൽ താഴോട്ടുള്ള ട്രെന്റാണ്. പി.വി.സി. ടഫ്റ്റഡ് മാറ്റ്സ് 2005-06-ൽ 116 കോടിരൂപയായിരുന്നെങ്കിൽ അത് കഴിഞ്ഞവർഷം 253.5 കോടിരൂപയായി വർദ്ധിച്ചു. കയർ ഫൈബറിന്റെ ക്ഷാമം കേരളത്തിലുള്ളപ്പോൾ തന്നെ കയർ ഫൈബർ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയപ്രകാരം കയറ്റുമതി കൂടിക്കൊണ്ടിരിക്കുകയാണ്. 2000-01-ൽ 122 കോടി രൂപയുടെ കയർ ഫൈബർ മാത്രമേ കയറ്റുമതി ചെയ്തിരുന്നുള്ളൂ. എന്നാൽ 2009-10-ൽ ഇത് 97.5 കോടിരൂപയായി വർദ്ധിച്ചു. കയർനാരിന്റെ ക്ഷാമമുണ്ടാകാൻ ഒരു പ്രധാന കാരണം ഇതാണ്. കേന്ദ്ര ഗവൺമെന്റ് ഇത് തടയണം എന്നുള്ള ആവശ്യം നമ്മൾ ഉന്നയിച്ചിട്ടുണ്ട്. ആർക്കും വേണ്ടാതിരുന്ന കയർപ്പിത്ത് വലിയ ഡിമാന്റുള്ള സാധനമായി മാറിയിരിക്കുന്നു. 2000-01-ൽ 7.52 കോടിരൂപയുടെ കയർപ്പിത്ത് കയറ്റുമതി ചെയ്തെങ്കിൽ 2009-10-ൽ 121.47 കോടി രൂപയുടെ കയറ്റുമതിയാണ് നടന്നിട്ടുള്ളത്.

ശ്രീ. എ. എം. ആരിഫ്: (ശ്രീ. എം.കെ.പുരുഷോത്തമനുവേണ്ടി) സർ, കയർമേഖലയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിക്കും പുരോഗതിക്കും അങ്ങ് നടത്തിവരുന്ന സേവനങ്ങളെല്ലാംതന്നെ കയർ മേഖലയിൽ പ്രതിഫലിക്കുന്നുണ്ട്. ആധുനികവൽക്കരണത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള NCRMI നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അതിന്റെ പ്രവർത്തനങ്ങൾക്ക് പ്രതിഫലനങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ടോ? ഒരു പ്രധാനപ്പെട്ട കാര്യം ചകിരിയുടെ ദൗർലഭ്യമാണെന്നു ഇവിടെ പറയുകയുണ്ടായി. അതു സംബന്ധിച്ച് ചകിരി

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടു കയറ്റുമതി ചെയ്യുന്നതിനേക്കാൾ വലിയ ലാഭം ..(തടസ്സം).... അതിന്റെ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനെ അപ്രോച്ചു ചെയ്തിട്ടുണ്ടോ; എന്താണ് കേന്ദ്ര സർക്കാരിന്റെ പ്രതികരണം? കേന്ദ്ര സർക്കാരിൽ നിന്നും അതിനനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ടോ? അത് എങ്ങനെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. ജി. സുധാകരൻ: സർ, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) സ്ഥാപിച്ചതാണ് കേരളത്തിന്റെ വ്യവസായ മേഖലയിൽ കയർ മേഖലയിലെ ഏറ്റവും നിർണ്ണായകമായൊരു കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അത് ഉദ്ഘാടനം ചെയ്തത്. വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ ചടങ്ങിൽ പങ്കെടുത്തിരുന്നു. ഒരു വർഷ കാലത്തിനുള്ളിൽത്തന്നെ വമ്പിച്ച നേട്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. അടിസ്ഥാന റിസർച്ച്, അടിസ്ഥാന വികസനം. പ്രായോഗികമായിട്ടുള്ള കയർ മേഖലയിലെ ആപ്ലിക്കേഷൻ ഇതെല്ലാം കൂടി സന്നിവേശിപ്പിച്ചുകൊണ്ട് ഇൻഡ്യയിൽ തന്നെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ ഏറ്റവും മുന്തിയ ഗവേഷണ സ്ഥാപനമായി മാറി. അവിടെ കയർ ബാഗുകൾ, കയർ കൊണ്ടുള്ള ചെരിപ്പുകൾ മറ്റ് നിരവധി ഐറ്റങ്ങൾ എല്ലാംതന്നെ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ഏറ്റവും ചെലവു കുറഞ്ഞ ഡീ ഫൈബറിംഗ് മില്ലുകൾ. ഒരു ദിവസം 4000-5000 തൊണ്ട് എവിടെയും കൊണ്ടുവച്ച് പോർട്ടബിളായി തല്ലാവുന്ന പുതിയ ഡീ ഫൈബറിംഗ് മില്ല്, അതിനാദ്യം സാങ്കേതികമായി ചെറിയ പ്രശ്നം വന്നു. അത് കയർ കമ്മീഷൻ ചൂണ്ടിക്കാണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഗവേഷകൻമാരുടെ സഹായത്തോടെ അതെല്ലാം മെച്ചപ്പെടുത്തി. കയർ ഫൈബർ കയറ്റുമതിയുടെ കാര്യത്തിൽ ഞാനും ഉദ്യോഗസ്ഥന്മാരും യു.ഡി.എഫിന്റെ അഞ്ച് എം.പി.-മാരും സി.പി.എം.-ന്റെ രണ്ട് എം.പി.മാരുമടക്കം കേന്ദ്ര ധനകാര്യ മന്ത്രിയെ കണ്ട് ഇത് തടയണമെന്നു പറഞ്ഞു. വ്യവസായ മന്ത്രിയെ കണ്ടു. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. അപ്പോൾ അദ്ദേഹം പറഞ്ഞു, തമിഴ്നാടുമായുള്ള പ്രശ്നമാണ്. അതുകൊണ്ട് നിരോധിക്കാൻ പ്രയാസമുണ്ട് എന്ന്. പക്ഷേ അത് നിരോധിക്കണമെന്ന ആവശ്യം ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ് : സർ, തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് ആധുനികവൽക്കരണം പോലെതന്നെ അതിപ്രധാനമാണ്. അക്കാര്യത്തിൽ കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുൻ ഗവൺമെന്റിന്റെ കാലത്തേക്കാൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ ഗവൺമെന്റ് വന്ന് കേരളപ്പിറവിയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്ന സമയത്ത് കൂടിയ നിയമസഭാസമ്മേളനത്തിൽത്തന്നെ എല്ലാ ക്ഷേമനിധി ആനുകൂല്യങ്ങളും 300 ശതമാനം വരെ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതെല്ലാം തന്നെ കൊടുത്തുവരികയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വീണ്ടുമത് 400 ശതമാനമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2001 മുതൽ 2006 വരെ അഞ്ചു വർഷം 27 കോടി 43 ലക്ഷം രൂപയാണ് ക്ഷേമനിധി ബോർഡിന് ക്ഷേമപ്രവർത്തനത്തിനായി വിതരണം ചെയ്തതെങ്കിൽ ഈ കഴിഞ്ഞ അഞ്ചു വർഷക്കാലം 74 കോടി 19 ലക്ഷം രൂപയാണ് വിതരണം ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. ദിനേശ് മണി : സർ, കയറുല്പന്നങ്ങളുടെ വിപണനത്തിന് മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ? ആ കൺസോർഷ്യം രൂപീകരിക്കുന്നതുവഴിയുണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. ജി. സുധാകരൻ: കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്കടിസ്ഥാനത്തിലും കയർ മേഖല രൂപീകരിച്ചിട്ടുണ്ട്. അതിൽ ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, കയറുല്പാദകർ, കോ-ഓപ്പറേറ്റീവ്സ്, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കയർ ഉദ്യോഗസ്ഥൻമാർ എല്ലാവരും പങ്കെടുത്തിട്ടുണ്ട്. അവർക്ക് ഞാണ്ടും മറ്റും ശേഖരിക്കാൻ ലക്ഷക്കണക്കിന് രൂപ കൊടുത്തിട്ടുണ്ട്. അത് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് അതിലുള്ള ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. എന്തായാലും കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ബി. രാഘവൻ: സർ, കയർ മേഖലയിൽ വലിയൊരുമാറ്റം സംഭവിച്ചു കൊണ്ടിരിക്കുകയാണ്, വിപണനരംഗത്തും പ്രചരണരംഗത്തും. അതുമായി ബന്ധപ്പെടുത്തി ഇന്റർനാഷണൽ കയർ ഫെസ്റ്റ്, കേരളാ കയർ ഫെസ്റ്റ്, മറ്റ് കയർ ഫെസ്റ്റുകൾ എല്ലാം നടത്തി വിജയകരമായി മുന്നേറിയിട്ടുണ്ട്. അതിന്റെ നേട്ടങ്ങൾ, അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അനുഭവങ്ങൾ വിശദീകരിക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, വളരെ ആവേശകരമായിട്ടുള്ള അനുഭവമാണ്, കാരണം ഇന്റർനാഷണൽ കയർ ട്രേഡിംഗ് ബയിംഗ് & സെല്ലേഴ്സ് കമ്മ്യൂണിറ്റി തന്നെ ഇപ്പോൾ ആലപ്പുഴയിൽ അഞ്ചു ദിവസം നടന്നു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. വയലാർ രവി ഉദ്ഘാടനം ചെയ്ത ആ മഹത്തായ ഇന്റർനാഷണൽ കയർ ഫെയർ, ഇവിടെ ജർമനിയിലും നെതർലന്റ്സിലും ചൈനയിലുമൊക്കെ നടക്കുന്ന ആ ട്രേഡ് ഫെയറിന്റെ അതേ നിലവാരത്തിൽ വന്നു എന്ന് വ്യക്തമാക്കിയിട്ടാണ് അവർ പോയിരിക്കുന്നത്. അവിടെവച്ചുതന്നെ 21 കോടി രൂപയുടെ ഓർഡർ നേരിട്ടു ലഭിക്കുകയുണ്ടായി. മലബാർ കയർ ഫെസ്റ്റ്, മാരാരിക്കുളം അതുപോലെതന്നെ വയലാർ, അമ്പലപ്പുഴ, ആലപ്പുഴ എന്നിവിടങ്ങളിൽ ആറ് കയർ ഫെസ്റ്റുകൾ നടത്തി. ആറു കയർ ഫെസ്റ്റുകളിലുംകൂടി സമൂഹത്തിന്റെ എല്ലാ നിലയിലുമുള്ളവർ വലിയ തരത്തിൽ പങ്കെടുക്കുകയും ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി, നമ്മുടെ സ്വന്തം രാജ്യത്തെ സുവർണ്ണനാരാണെന്ന് എല്ലാവരും ഏറ്റുപറയുന്ന ഒരു സ്ഥിതിയുണ്ടായി. ഇന്റർനാഷണലായി വലിയ തരത്തിലുള്ള ഓർഡറുകൾ വരാൻ പോകുകയാണ്.

ശ്രീ. സി. കെ. സദാശിവൻ: (ശ്രീ. ആനത്തലവട്ടം ആനന്ദനുവേണ്ടി) സർ, കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഫലമായി എത്ര സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞു?

ശ്രീ. ജി. സുധാകരൻ: അഞ്ചുവർഷക്കാലംകൊണ്ട് ഗ്രാന്റായി മാത്രം 30 കോടിയിലേറെ രൂപ കയർ കോ-ഓപ്പറേറ്റീവ്സിന് കൊടുത്തു. ഡീഫൈബറിംഗ് മില്ലുകൾ സൗജന്യമായി കൊടുത്തതും ത്രിഫ്റ്റ് ഷെയർ കൊടുത്തതുമടക്കം ഏകദേശം 200 കോടി രൂപയോളം നേരിട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മാത്രമായി ലഭിച്ചു. അതിന്റെ ഫലമായി പരമ്പരാഗതമായി തകർന്നുകിടന്ന 50-ഓളം കയർ കോ-ഓപ്പറേറ്റീവ്സിനെ മുന്നോട്ടു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയെയും കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.എ. ഷുക്കൂർ: സർ, കയർ സംഘങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾവഴി ചകിരി കൊടുത്തിരുന്നു. അത് സംഘങ്ങളുടെ പ്രവർത്തനം വളരെയേറെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ചകിരിയുടെ ദൗർലഭ്യംമൂലം ചകിരി കൊടുക്കാൻ കഴിയുന്നില്ല. ഈ പ്രതിസന്ധി വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഒരു കാലത്തും നമ്മൾ ചകിരി വാങ്ങി കൊടുത്തിട്ടില്ല. ഒരു വലിയ പ്രശ്നം ഉണ്ടായപ്പോൾ നാലുമാസക്കാലം 20 രൂപയ്ക്കും 22 രൂപയ്ക്കും പൊള്ളാച്ചിയിൽനിന്നും ചകിരി വാങ്ങി 10 രൂപയ്ക്ക് കൊടുത്തു എന്നത് ശരിയാണ്. ഒരു ഗവൺമെന്റിന് സ്ഥിരമായി സ്വകാര്യമേഖലയ്ക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിനും അസംസ്കൃത സാധനങ്ങൾ വില കൊടുത്തു വാങ്ങിച്ചു കൊടുക്കുന്നതിന് പോളിസി പ്രശ്നമുള്ളതുകൊണ്ട് തൽക്കാലം നിർത്തിവച്ചു. അത് വീണ്ടും പരിശോധിക്കാം.

ശ്രീ. പി. തിലോത്തമൻ: സർ, കയർ വ്യവസായത്തിന്റെ പുരോഗതിക്കും കയർ തൊഴിലാളികളുടെ ക്ഷേമത്തിനുംവേണ്ടി ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി നടത്തി വരുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം സ്വാഗതാർഹമാണ്. എന്നാൽ കയർ സഹകരണ മേഖലയിൽ പണിയെടുക്കുന്ന ജീവനക്കാരുടെ സ്ഥിതി ഇന്നും വളരെ കഷ്ടത്തിലാണ്. സഹകരണ മേഖലയിലെ ജീവനക്കാരെപ്പോലെ ഇവർക്കു കിട്ടുന്ന വേതനം വളരെ പരിമിതമാണ്. സെക്ഷൻ 80 അനുസരിച്ചുള്ള ആനുകൂല്യം ഇവർക്ക് ലഭിക്കുന്നില്ല. കൂടാതെ മെച്ചപ്പെട്ട ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ കഴിയാത്തതുമൂലം സംഘങ്ങൾക്ക് മാനേജുമെന്റ് സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ കാര്യം സജീവമായ ശ്രദ്ധയിലാണ്. അവിടെ നടന്ന സമരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ടുണ്ട്. സെക്ഷൻ 80 എന്നു പറഞ്ഞാൽ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽപോലും എല്ലായിടത്തും നടപ്പാക്കും. സെക്ഷൻ 80 പ്രകാരം 60,000 രൂപ ശമ്പളം വാങ്ങുന്ന കോ-ഓപ്പറേറ്റീവ് സെക്രട്ടറിമാരുണ്ട്. അതിന് നമുക്ക് കഴിയില്ല. പക്ഷേ അവർക്ക് മാന്യമായ ശമ്പളം കൊടുക്കാൻ കയർ വകുപ്പ് കരുതുന്നുണ്ട്. അത് ചർച്ച ചെയ്യും.

ശ്രീ. വർക്കല കഹാർ: സർ, വൈവിദ്ധ്യമാർന്ന കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അത് കയറ്റുമതി ചെയ്യുന്നതിനും ഒരുകാലത്ത് നമ്മൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് കേരളത്തിന് പുറത്തും അതുപോലെ ഇൻഡ്യയ്ക്ക് പുറത്തും പല ഏജൻസികളുമുണ്ട്. അവരുമായി കോമ്പറ്റീഷൻ നടത്തത്തക്ക രീതിയിൽ കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് തുടങ്ങിയവ കോമ്പറ്റീഷന് പ്രാപ്തമാകത്തക്ക നിലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതിപ്പോൾ ലാഭത്തിലാണോ, നഷ്ടത്തിലാണോ, എന്തൊക്കെ കേന്ദ്ര സഹായം ഇതിനായി കിട്ടുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ: സർ, കയർ മേഖലയിലെ എല്ലാ പബ്ലിക് സെക്ടറുകളും ലാഭത്തിലാണ്. ദീർഘകാലമായി വലിയ നഷ്ടമുണ്ടായതാണ്. ഇപ്പോൾ ലാഭത്തിലാണ്. ആധുനികമായ നിരവധി ഫാക്ടറികൾ, പുതിയ ലൂമുകൾ, മോഡേണൈസേഷൻ, ഇതെല്ലാം ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് കയർ ബോർഡ് വഴിയുള്ള സഹായങ്ങളാണ് നൽകുന്നത്. അത് കിട്ടുന്നുണ്ട്. കയറിനുവേണ്ടി കേന്ദ്ര വിഹിതം 50 കോടി രൂപ മാത്രമേ കിട്ടുകയുള്ളൂ. സംസ്ഥാനത്ത് മാത്രം ശരാശരി 65 കോടി രൂപയുണ്ട്. കേന്ദ്ര ഗവൺമെന്റ് കയറിനുള്ള വിഹിതം കുറേക്കൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ: സർ, മരിച്ചുകൊണ്ടിരിക്കുന്ന കയർ സൊസൈറ്റികൾക്ക് അങ്ങ് ജീവൻ തിരിച്ചുകൊടുത്തിരിക്കുകയാണ്. കൊയിലാണ്ടി ചൂടി നൂറ്റാണ്ടുകൾക്കു മുൻപ് തന്നെ പഴക്കമുള്ളതാണ്. എന്റെ മണ്ഡലത്തിൽ മാത്രം 20 കയർ സൊസൈറ്റികളുണ്ട്. അതിന്റെ ഒരു പോരായ്മ എന്താണെന്ന് വച്ചാൽ ജീവൻ തിരിച്ചുകിട്ടിയപ്പോൾ ആവശ്യത്തിന് ചകിരിയില്ല. കോഴിക്കോട് ജില്ല 100 കോടി നാളികേരമുണ്ടാക്കുന്നുണ്ട്. നാളികേരത്തിന്റെ ഭാഗംതന്നെ ഉപയോഗപ്പെടുത്തിയാൽ അതിന് ഡീഫൈബറിംഗ് യൂണിറ്റുകൾ മാക്സിമം ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുള്ള പദ്ധതികൾ വിപുലപ്പെടുത്താൻ സർക്കാർ തയ്യാറാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തയ്യാറായിക്കഴിഞ്ഞു. മലബാറിൽ തന്നെ തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് സ്ഥലങ്ങളിൽ ഒരു ദിവസം 60,000 തൊണ്ട് തല്ലാവുന്ന വൻകിട ഡീഫൈബറിംഗ് മില്ലുകൾ മൂന്ന് മാസക്കാലമായി കയർഫെഡ് പ്രവർത്തിപ്പിച്ചു വരികയാണ്. അങ്ങയുടെ മണ്ഡലത്തിലെ 20 കോ-ഓപ്പറേറ്റീവ്സും നേരത്തെ പറഞ്ഞ മിനി ഡീഫൈബറിംഗ് മില്ലിനുവേണ്ടി അപേക്ഷിച്ചാൽ ഇനിയും തരാൻ തയ്യാറാണ്.

മി. സ്പീക്കർ: ചോദ്യംനമ്പർ 123

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

3 (*123) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. എ. പ്രദീപ്കുമാർ :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സാധ്യമായ കോഴ്സുകളിൽ പഠിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;